കേരള സർക്കാർ ലോട്ടറി

25 (3557) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ നടത്തുന്ന ഓരോ ലോട്ടറിയുടെയും ആകെ ടിക്കറ്റുകളുടെ എണ്ണവും വിവിധ സമ്മാനങ്ങളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ലോട്ടറിയുടെയും വരുമാനത്തിന്റെ എത്രശതമാനം സമ്മാനങ്ങൾക്കുവേണ്ടി നൽകുന്നുണ്ട് ;

(സി) ഓരോ ലോട്ടറിയിൽനിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ എത്ര ശതമാനം ഏജന്റുമാർക്കുള്ള കമ്മീഷൻ ഇനത്തിന് നൽകുന്നുണ്ട് ;

(ഡി) ലോട്ടറി രംഗത്ത് ചിലർ മൊത്തക്കച്ചവടക്കാരായി പ്രവർത്തിച്ച് സബ് ഏജന്റുമാരെ വച്ച് വൻതുക കമ്മീഷൻ ഇനത്തിൽ കൈപ്പറ്റുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നിശ്ചിത തുകയിൽ കൂടുതലുള്ള ടിക്കറ്റുകൾ കുത്തക ഏജന്റുമാർക്ക് നൽകാതെ കൂടുതൽ ഏജൻസികൾ നൽകി ഈ രംഗത്തെ ചൂഷണം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ലോട്ടറി		ടിക്കറ്റുകളുടെ എണ്ണം ലക്ഷത്തിൽ	സമ്മാനങ്ങളുടെ എണ്ണം
(എ)	മാവേലി	7.5	1,66,821
	പെരിയാർ	8.25	1,75,000
	കൈരളി	12.00	2,65,670
	സൗഭാഗ്യ	8.25	85,000
	കൈരളി	20.00	2,04,970
	ബംബറുകൾ		
	ന്യൂഇയർ		
	ജയന്തി		
	ദീപാവലി		
	ശബരി സമ്മർ		
	വിഷുബംബർ	20.00	2,04,366
	ഓണം സൂപ്പർബംബർ	20.00	2,05,306
(ബി)	മാവേലി	31%	
	പെരിയാർ	44%	
	കൈരളി	55%	

LIBRARY ARCHIVES Kerala Legislative Assembly

സൗഭാഗ്യ	33%
സാധാരണബംബർ	33%
വിഷുബംബർ	29%
ഓണംസൂപ്പർബംബർ	26%

(സി) ഓരോ ലോട്ടറിയിലും സമ്മാനത്തുകയുടെ 10 ശതമാനം പ്രൈസ് കമ്മിഷനായി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും നൽകുന്നുണ്ട്. കൂടാതെ വരുമാനത്തിന്റെ 25 ശതമാനം മുതൽ 28.5 ശതമാനംവരെ വിൽപ്പന കമ്മീഷനും നൽകുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടിക്കറ്റ് എടുക്കുന്നതനുസരിച്ച് എല്ലാ ഏജന്റുമാർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് ഡിസ്ക്കൗണ്ട് നൽകുന്നത്.

(ഇ) ഭാഗ്യക്കുറി വകുപ്പ് തികച്ചും ഒരു ബിസിനസ് വകുപ്പാണ്. എല്ലാ ഏജന്റുമാർക്കും ആവശ്യാനുസരണം സർക്കാർ നിയമാവലി അനുസരിച്ച് ടിക്കറ്റ് നൽകുന്നു. ഏതെങ്കിലും ഒരു ഏജന്റിനു നൽകുന്ന ടിക്കറ്റിന്റെ എണ്ണം നിജപ്പെടുത്തുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. കൂടുതൽ ടിക്കറ്റുകൾ വിൽക്കുന്നതിനായി കൂടുതൽ ടിക്കറ്റുകൾ എടുക്കുന്ന ഏജന്റുമാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉയർന്ന നിരക്കിലുള്ള കമ്മീഷൻ നൽകുന്നു.

ലോട്ടറി നിരോധനം

26 (3558) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോട്ടറി നിരോധനം നടപ്പാക്കേണ്ടതായി വരുമോ ;

(ബി) എങ്കിൽ ഇതു സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലോട്ടറി നിരോധനം കേരളത്തിൽ നടപ്പിലാക്കാതിരിക്കാൻ കേരള സർക്കാർ സാദ്ധ്യമായ എല്ലാ സമ്മർദ്ദവും ചെലുത്തിയിരിക്കുകയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ധനകാര്യമന്ത്രി, പ്രധാനമന്ത്രിക്കും, കേന്ദ്ര ധനകാര്യമന്ത്രിക്കും ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്കു നൽകുന്ന മെമ്മോറാണ്ടത്തിൽ ഈ ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം. പി. മാർ സംയുക്തമായി ചെറുത്തുനിൽപ്പ് സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly